# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3968** **21/06/2019-ൽ മറുപടിയ്ക്ക്**

## സംസ്ഥാന സഹകരണ ബാങ്ക് നിയമനം-സ്പെഷ്യൽ റൂൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഗവൺമെന്റ് അംഗീകരിച്ച് നൽകിയിട്ടുള്ള റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനങ്ങൾ നടത്തുന്നത്. നിയമനങ്ങൾ നടത്തുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും എത്ര ക്ലറിക്കൽ വേക്കൻസികളുണ്ടായിരുന്നു, ആയതിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ. | (ബി) | **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും നിയമന നിരോധനം നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | | |
|---|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | ഒഴിവുകളുടെ എണ്ണം | നിയമനം നടത്തിയത് |
| | 57 | 34 |
| **ജില്ലാ സഹകരണ ബാങ്കുകൾ** | | |
| തിരുവനന്തപുരം | 32 | 32 (13 പേർ പി.എസ്.സി. മുഖേന 1 ആശ്രിത നിയമനം, 18 ഉദ്യോഗക്കയറ്റം) |
| കൊല്ലം | 5 | 5 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പത്തനംതിട്ട | 59 | 59 |
| ആലപ്പുഴ | 26 | 23 (കൂടാതെ 3 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്) |
| കോട്ടയം | 48 | 38 |
| ഇടുക്കി | 48 | 24 |
| എറണാകുളം | 78 | 78 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പി.എസ്.സി മുഖേന 35 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 39 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 4 പേരെ പി.എസ്.സി അഡ്വൈസ് ചെയ്യുവാനുണ്ട്) |
| തൃശ്ശൂർ | 89 | 68 (നിയമന ഉത്തരവ് നൽകിയിട്ടുള്ളതിൽ 7 പേർ കൂടി ജോലിയിൽ പ്രവേശിക്കാനുണ്ട്. 12 ഒഴിവുകളിലേക്ക് അഡ്വൈസ് ലഭിക്കുവാനുണ്ട്.) |
| പാലക്കാട് | 60 | 60 |
| മലപ്പുറം | 47 | 47 |
| കോഴിക്കോട് | 62 | 62 |
| വയനാട് | 42 | 20 |
| കണ്ണൂർ | 37 | 37 |
| കാസർഗോഡ് | 49 | 36 |

**സെക്ഷൻ ഓഫീസർ**